(സി) എല്ലാ വർഷവും ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ ഇതിനായുള്ള പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയ്ഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടെയുള്ള പഞ്ചായത്തുതല കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 'അക്കൗണ്ട് പേയീ' ചെക്കായി ഉക അപേക്ഷകന് നൽകുകയും ചെയ്യുന്നു.

റോഡപകടങ്ങൾ

29 (*329) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ച് അപകടമുണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികളും മുൻ കരുതലുകളും എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അപകടത്തിൽപ്പെടുന്ന ആളുകളെ അടിയന്തരമായി ആശുപത്രിയിലെത്തിക്കുന്നതിലെ കാലതാമസംമൂലം ഇവർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കാനും റോഡപകടങ്ങൾ ഇല്ലാതാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കർശന വാഹന പരിശോധന നടത്തിവരുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധനകൾ നടത്തുകയും മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും

LIBRARY ARCHIVES Kerala Legislative Assembly

വാഹനമോടിക്കുന്നവർക്കെതിരെ 279 IPC 118 (e) KP Act 184, 185 MV Act എന്നീ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മദ്യപിച്ചോ അലക്ഷ്യമായോ വാഹനമോടിച്ച് അപകടമുണ്ടാക്കി മറ്റ് യാത്രക്കാരുടെ മരണത്തിന് കാരണമാകുകയോ ഗുരുതര പരിക്കേൽപ്പിക്കുകയോ ചെയ്യുന്നവരുടേയും ഒന്നിൽ കൂടുതൽ തവണ മദ്യപിച്ച് വാഹനമോടിച്ചവരുടേയും ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതിനായി ബന്ധപ്പെട്ട ആർ.റ്റി.ഒ.മാർക്ക് റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ഇതിനുപുറമെ ട്രാഫിക്/ഹൈവേ/ റഡാർ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയും പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഹൈവേ പട്രോളിംഗ് എന്നിവയുടെ സഹായത്താൽ കർശന വാഹന പരിശോധന നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ സന്ദേശ ബോധവത്കരണ പരിപാടികൾക്കായി ട്രാഫിക് ഇലക്ട്രോണിക് പാർക്ക് വാഹനം ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്കരണ ക്ലാസ്സുകൾ വിവിധ സന്നദ്ധ സംഘടന കളുടെ ആസ്ഥാനങ്ങളിലും, സ്കൂളുകൾ, കോളേജുകൾ, പൊതുമേഖലാ ആസ്ഥാനങ്ങൾ, റസിഡൻസ് അസ്സോസിയേഷൻ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലും നടത്തിവരുന്നു. ഗതാഗത വകുപ്പുമായും പൊതുമരാമത്ത് വകുപ്പുമായും ചേർന്ന് റോഡ് സുരക്ഷാ പദ്ധതിയും നടത്തിവരുന്നു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി "ശുഭയാത്ര 2015" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുമുണ്ട്.

(ബി & സി) അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കുവാനും റോഡപകടങ്ങൾ ഇല്ലാതാക്കുവാനും ആഭ്യന്തരം, ഗതാഗതം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മദ്യപിച്ച് വാഹനമോടിക്കുന്നവരെ ആൽക്കോമീറ്റർ ഉപയോഗിച്ച് കണ്ടുപിടിച്ച് 279 ഐ.പി.സി. ആന്റ് 185 ഓഫ് എം.വി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. മദ്യപിച്ച് വാഹനമോടിച്ചാൽ തനിക്കും മറ്റുള്ളവർക്കും അപകടമുണ്ടാകാനുള്ള സാധ്യതകളെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ/ ലഘുലേഖകൾ/മാധ്യമങ്ങളിലൂടെയുള്ള പ്രചരണം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചും വാഹന വേഗതാ പരിധി പരിശോധിച്ചുവരുന്നു. അമിത വേഗതാ നിയന്ത്രണത്തിനായി സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാർ എന്നിവയും ബ്ലാക്ക് സ്പോട്ടുകളായ സ്ഥലങ്ങൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നോഡൽ ഏജൻസിയായ കെൽട്രോണിന്റെ സഹായത്തോടെ ബ്ലിങ്കർ ലൈറ്റുകളും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly